(സി) കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് ഈ അദ്ധ്യായന വർഷത്തേക്ക് മാത്രം താൽക്കാലികമായി സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയത്.

(ഡി) സ്കൂൾ താൽക്കാലികമായി തുറക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവ് റദ്ദാക്കി സ്കൂൾ അടച്ചുപൂട്ടുന്നതിനാണ് ബഹുമാനപ്പെട്ട കോടതി ഉത്തരവായത്.

(ഇ) ഇത്തരം അനധികൃത സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

സ്വകാര്യമേഖലയിൽ പുതിയ സ്കൂളുകൾക്ക് അംഗീകാരം

32 (1086) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര പുതിയ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ., സംസ്ഥാന സിലബസിലുള്ള സ്വകാര്യ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ഇതിൽ സർക്കാർ സ്കൂളുകളിൽ നിന്നും നിശ്ചിത ദൂരപരിധി പാലിക്കാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ളതും സംസ്ഥാന സിലബസ്സ് പിൻതുടരുന്നതുമായ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടില്ല. എന്നാൽ 511 സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. (നിരാക്ഷേപ പത്രം) നൽകിയിട്ടുണ്ട്.

(ബി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് ദൂരപരിധി നിർവചിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly